# കൊയ്നോനിയ

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ

മേയ് ജൂൺ 2018

Private circulation only I Book No.9


## ഇടവകാംഗങ്ങളുടെ വിനോദയാത്ര



മെയ് പന്ത്രണ്ടിന് ഇടവകവികാരിയും ഇടവകാംഗങ്ങളും ഒരുമിച്ചു രണ്ടു ബസ്സുകളിലായി വിനോദയാത്ര നടത്തുകയുണ്ടായി തെക്കൻ കുരിശുമല ദേവാലയത്തിൽ എത്തി ദിവ്യബലി അർപ്പിച്ചതിനുശേഷം തൃപ്പരപ്പു, തക്കല കൊട്ടാരം, കന്യാകുമാരി എന്നിവിടങ്ങളിൽ സന്ദർശനം നടത്തി രാത്രിയോടെ തിരികെയെത്തി.

## പ്രവേശനോത്സവം നടത്തി




2018 ലെ മതബോധന വർഷാരംഭത്തിന്റെ ഭാഗമായി പ്രവേശനോത്സവം നടത്തി. ഇടവക വികാരി ജോസ് ദിലീപ് അച്ചൻ ദീപം തെളിയിച്ചു ഉത്ഘാടനം ചെയ്തു. പാരിഷ് കൗൺസിൽ അംഗങ്ങളും അധ്യാപകരും വിദ്യാർഥികളും മാതാപിതാക്കളും പങ്കെടുത്ത ചടങ്ങിൽ കഴിഞ്ഞവർഷത്തെ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

## 2018 ലെ ഇടവക ദിനാഘോഷം




# ദേവാലയ വസ്തുവിൽ തെങ്ങിൻ തൈകൾ നട്ടു




ദേവാലയ വസ്തുവിന്റെ കിഴക്കുവശം 101 തെങ്ങിൻ തൈകൾ ഇടവക ജനങ്ങൾ ഒന്ന് ചേർന്ന് നടുകയുണ്ടായി. ഇടവകവികാരി ജോസ് ദിലീപ് അച്ചനും പാരിഷ് കൗൺസിൽ അംഗങ്ങളും നേതൃത്വം നൽകി.

# വായനാ ദിനം ആഘോഷിച്ചു


ഇടവകയിലെ വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ ജൂൺ 23 ന് വായനാദിനം ആഘോഷിച്ചു. ഇടവകവികാരി ജോസ് ദിലീപ് അച്ചൻ വായനാദിനം ഉദ്ഘാടനം ചെയ്തു. ഇടവകയിലെ കുട്ടികൾക്കായി ഉപന്യാസരചന മത്സരം പോസ്റ്റർ മേക്കിങ് ബൈബിൾ റീഡിങ് എന്നീ മത്സരങ്ങളും സംഘടിപ്പിച്ചു. ഉപന്യാസ മത്സരത്തിൽ ഒന്നാംസ്ഥാനം ചിന്നുവും പോസ്റ്റർ മേക്കിങ് സ്നേഹ ജി ജിട്രസ് ഒന്നാം സ്ഥാനവും മിന്നു രണ്ടാം സ്ഥാനവും ബൈബിൾ പാരായണത്തിന് ധന്യ ഒന്നാംസ്ഥാനവും അനീന രണ്ടാം സ്ഥാനവും കളറിങ് മത്സരത്തിൽ സിബിൻ ബിനു ഒന്നാംസ്ഥാനവും സ്വാതി റോയി രണ്ടാം സ്ഥാനവും നേടുകയുണ്ടായി. വായനാദിനത്തിലെ സന്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്ലക്കാർഡുകൾ കൊണ്ടുവന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനവും നൽകി. ഈവർഷത്തെ വായനാദിന ആഘോഷങ്ങൾ വളരെ വ്യത്യസ്തവും പുതുമയുള്ളതും ആയിരുന്നുവെന്ന് കുട്ടികളും മാതാപിതാക്കളും പറയുകയുണ്ടായി. കുട്ടികൾ എഴുതിത്തയ്യാറാക്കിയ വായനാദിന സന്ദേശങ്ങൾ പ്രത്യേകം സജ്ജീകരിച്ച ബോർഡിൽ പ്രദർശിപ്പിച്ചു.

# ഇടവക ദിനാഘോഷം



2018 മെയ് 30ന് ഇടവകയുടെ വാർഷിക ആഘോഷ ചടങ്ങുകൾ നടത്തുകയുണ്ടായി. രാവിലെ ഇടവകാംഗങ്ങൾ പങ്കെടുത്ത ദിവ്യബലിയും തുടർന്ന് വൈകുന്നേരം പൊതു സമ്മേളനവും കലാപരിപാടികളും നടത്തുകയുണ്ടായി. ഇടവകവികാരി ജോസ് ദിലീപ് അച്ചൻ ദീപം തെളിയിച്ചു. തുടർന്ന് കഴിഞ്ഞ ഒരുവർഷത്തെ ഇടവകയുടെ പ്രവർത്തനങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു വീഡിയോ പ്രസിഡൻറ്റേഷനും നടത്തുകയുണ്ടായി. ഏറ്റവുമൊടുവിൽ ഇടവകയിലെ കുട്ടികളും മുതിർന്നവരും കലാപരിപാടികൾ അവതരിപ്പിച്ചു. തുടർന്ന് കഴിഞ്ഞ വർഷം നടന്ന കായിക മത്സരങ്ങളിലെ വിജയികൾക്ക് ഇടവകവികാരി സമ്മാനങ്ങൾ വിതരണം ചെയ്തു.



# രോഗികൾക്ക് സാന്ത്വനമായി ലിറ്റിൽ ബോയി

LITTLE BOY
CHARITABLE SERVICES
POWERED BY ST. SEBASTIAN'S CHURCH, CHERUVETTUKAD

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ 9 ാം വാർഡിലെ രോഗികൾക്ക് സാന്ത്വനമായി ഇടവകയിൽ നിന്ന് അവശ്യ സാധനങ്ങൾ ശേഖരിക്കുകയും അത് രോഗികൾക്ക് നൽകുകയും ചെയ്തു.ഇടവകയുടെ ലിറ്റിൽബോയ് ചാരിറ്റബിൾ സർവീസസ് ആണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ജനറൽ ആശുപത്രിയിലെ ഡയാലിസിസ് വാർഡിൽ ഡിഷ് ടിവി സ്പോൺസർ ചെയ്യുകയും ചെയ്തു.

# ഫെറോന പരിസ്ഥിതി ദിനം



വലിയതുറ ഫെറോന ടി എസ് എസ് എസ് സമിതി പരിസ്ഥിതി ദിനാഘോഷങ്ങൾ ചെറുവെട്ടുകാട് ഇടവകയിൽ വച്ച് നടത്തുകയു ായി. ഫെറോന ടി എസ് എസ് എസ് എക്സിക്യൂട്ടീവ് സെക്രട്ടറി പോൾ അച്ചനും ഫൊറോനാ വികാരി സൈറസ് അച്ചനും ചെറുവെട്ടുകാട് ഇടവകവികാരി ജോസ് ദിലീപ് അച്ചനും ടി എസ് എസ് എസ് എക്സിക്യൂട്ടീവ് അംഗങ്ങളും വെട്ടുകാട് വാർഡ് കൗൺസിലർ മേരിലില്ലി രാജാസ് എന്നിവർ ഒന്നുചേർന്ന് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.

# അഭിജിത്തിന് രണ്ടാം സമ്മാനം



ഫെറോന തലത്തിൽ നടന്ന കവിത രചന മ ത്സ ര ത്ത ി ൽ ഇടവകയിലെ സെന്റ് മേരീസ് യൂണിറ്റിലെ സനൽ സുനിത ദമ്പതികളുടെ മകൻ അഭിജിത്തിന് രണ്ടാം സമ്മാനം ലഭിച്ചു.

# അതിരു കമ്പിവേലി കെട്ടി



ജൂൺ 10 നു ദേവാലയവസ്തുവിന്റെ തെക്കു കിഴക്കു ഭാഗത്തു തുറന്നു കിടന്ന അതിരു ഇടവക വികാരിയുടെയും ഇടവകജനകളുടെയും സാനിധ്യത്തിൽ കമ്പിവേലി കെട്ടി വസ്തു സുരക്ഷിതമാക്കി .

# ക്വിസ് മത്സരം നമ്മുടെ ദേവാലയ ഹാളിൽ

ഫെറോന വിദ്യാഭ്യാസ സമിതി നടത്തിയ ജനറൽ ക്വിസ് മത്സരം നമ്മുടെ ദേവാലയ ഹാളിൽ വച്ച് നടന്നു ഫെറോന വിദ്യാഭ്യാസ സമിതി എക്സിക്യൂട്ടീവ് സെക്രട്ടറി ജോസ് ദിലീപ് കപ്പൂച്ചിൻ അച്ചന്റെ നേതൃത്വത്തിൽ ശ്രീ അൻസൻ നയിച്ച മത്സരത്തിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ ഫെറോന വികാരി ഫാദർ സൈറസ് കളത്തിൽ നിർവഹിച്ചു.

# അതിരൂപത പ്രതിനിധി ചൈൽഡ് പാർലമെന്റ് സന്ദർശിച്ചു



മേയ് 27 നു അതിരൂപത പ്രതിനിധി സിസ്റ്റർ അഡോൾഫ ഇടവകയിലെ ചൈൽഡ് പാർലമെന്റ് യൂണിറ്റ് സന്ദർശിക്കുകയും കുട്ടികൾക്കായി നല്ല ശീലങ്ങളെക്കുറിച്ചും വിഷം കലർന്ന ഭക്ഷണപദാര്ഥങ്ങള്കുറിച്ചും ക്ലാസ് എടുത്തു .

# വി എഫ് എഫ് നടത്തി



ഇടവകയിലെ കുട്ടികൾക്കായി വേനൽ അവധിക്കാലത്തു വി എഫ് എഫ് നടത്തി. കളിയിലൂടെ നർമ്മത്തിലൂടെയും കുട്ടികളിൽ നല്ല ശീലങ്ങൾ വളർത്തിയെടുക്കാൻ ഉപകാരപ്രദമായിരുന്നു ബ്രദർമാരുടെ നേതൃത്വത്തിൽ നടന്ന ഈ വർഷത്തെ വി എഫ് എഫ് .

Printed by: Parish Priest, St. Sebastian's Church, Cheruvettukad, Trivandrum-7 , Latin Archdiocese Of Trivandrum